പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം :*35 27.02. 2018 ൽ മറുപടിക്ക്

## വൈദ്യുതി റഗുലേറ്ററികമ്മീഷൻ

ചോദ്യം

ശ്രീ.കെ.ഡി.പ്രസേനൻ

"ഐ.ബി.സതീഷ്

"ജോൺ ഫെർണാണ്ടസ്

" കാരാട്ട് റസാഖ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് വൈദ്യുതി റഗുലേറ്ററി കമ്മീഷൻ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ എണ്ണം വെട്ടിക്കുറയ്ക്കണമെന്നും നിത്യവരുമാനത്തിൽ നിന്നും പെൻഷൻ നൽകാൻ പാടില്ലെന്നുമുള്ള നിബന്ധന കമ്മീഷൻ നൽകിയിട്ടുണ്ടോ; | (എ) 2003ലെ ഇലക്ട്രിസിറ്റി ആക്ടിലെ (Central Act 36 of 2003) വിവിധ സെക്ഷനുകൾ പ്രധാനമായും 61,62,63,86,181 എന്നീ വകുപ്പുകൾ പ്രകാരം, കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്വങ്ങളും, പ്രവർത്തനങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിലെ ജീവനക്കാരുടെ എണ്ണം വെട്ടിക്കുറക്കണമെന്നോ നിത്യ വരുമാനത്തിൽ നിന്ന് പെൻഷൻ നൽകാൻ പാടില്ലെന്നോ ഉള്ള നിബന്ധന കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് നൽകിയിട്ടില്ല. എന്നാൽ 2008-2009ൽ കെ.എസ്.ഇ.ബിയിൽ ഉണ്ടായിരുന്ന 27,175 ജീവനക്കാരിൽ കൂടുതലുള്ള ജീവനക്കാരുടെ ശമ്പളവും അലവൻസുകളും കമ്മീഷൻ ഇതുവരെ അനുവദിച്ച് നൽകിയിട്ടില്ല.17.04.2017-ലെ താരിഫ് ഉത്തരവു പ്രകാരം പെൻഷൻ നൽകുന്നതിനായി മാസ്റ്റർ ട്രസ്റ്റിന്റെ രൂപീകരണം പൂർത്തിയാക്കണമെന്നും പ്രസ്തുത ട്രസ്റ്റിലേക്കുള്ള പലിശ വരുമാനം മാസംതോറും ക്രെഡിറ്റ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ബി) വിവിധ കാറ്റഗറിയിലുള്ള ജീവനക്കാരുടെ എണ്ണവും ജോലി ഭാരവും അവലോകനം ചെയ്ത് ആവശ്യമെങ്കിൽ പുനർവിന്യാസം നടത്താൻ വേണ്ട നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഉണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഭരണ നിർവ്വഹണ ചെലവ് അധികമാണെന്നും കമ്മീഷന്റെ നിർദ്ദേശപ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ സേവന നിലവാരം മെച്ചപ്പെടുത്തി കാര്യക്ഷമത വർദ്ധിപ്പിച്ച് കാര്യപ്രാപ്തിയിൽ എത്തിക്കുന്നതിനും വിവിധ കാറ്റഗറിയിലുള്ള ജീവനക്കാരുടെ എണ്ണവും ജോലി ഭാരവും അവലോകനം ചെയ്ത് ആവശ്യമെങ്കിൽ പുനർവിന്യാസം നടത്തുന്നതിനു വേണ്ടി ഒരു പഠനം നടത്തുവാൻ 13.03.2014 ൽ 57,57,326/- രൂപ മൊത്തം ചെലവിൽ ഐ.ഐ.എം കോഴിക്കോടുമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കരാറിൽ ഏർപ്പെട്ടു ഇത് സംബന്ധിച്ച് ഐ.ഐ.എം കോഴിക്കോട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ പഠനം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ മേൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഉന്നതാധികാര സമിതി ബോർഡിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് ഇപ്പോൾ ബോർഡിന്റെ വിശദമായ പഠനത്തിലും പരിഗണനയിലുമാണ്. |
| സി) ബോർഡിന്റെ സാമ്പത്തിക സുസ്ഥിരതയും പെൻഷൻകാരുടെ ഇടയിൽ പരത്തിയിരിക്കുന്ന ആശങ്ക പരിഹരിക്കുന്നതിനും നടപടിയുണ്ടാകുമോ? | (സി) ബോർഡിന്റെ സാമ്പത്തിക സുസ്ഥിരത ഉറപ്പ് വരുത്തുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. മുൻകാലങ്ങളിലെ പോലെ ഉയർന്ന പലിശ നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശനിരക്കിലുള്ള വായ്പകൾ എടുക്കുക.<br>2. ബോർഡിന്റെ വിവിധ ചെലവുകൾ നിയന്ത്രിച്ചും വൈദ്യുതി ചാർജ്ജ് കുടിശ്ശിക പരമാവധി പിരിച്ചെടുത്തും വരുമാനം കൂട്ടുക.<br>3. കേന്ദ്ര സർക്കാർ പദ്ധതിയായ ഉദയ് നടപ്പിലാക്കുന്നത് വഴി AT&C നഷ്ടവും, റവന്യൂ ഗ്യാപ്പും ഗണ്യമായി കുറയ്ക്കുക.<br>4. കേരള വാട്ടർ അതോറിറ്റി ഉൾപ്പെടെയുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഊർജ്ജിതമായി പിരിച്ചെടുക്കുക. |

| | |
|---|---|
| | വൈദ്യുതി ബോർഡിൽ നിന്ന് റിട്ടയർചെയ്ത മുഴുവൻ പേർക്കും നൽകേണ്ടുന്ന പെൻഷൻ മുടക്കംകൂടാതെ നല്കിവരുന്നുണ്ട്. പെൻഷൻ മാസ്റ്റർ ട്രസ്റ്റിലേയ്ക്ക് നൽകേണ്ടുന്ന തുകയിൽ വന്നിട്ടുള്ള കുടിശ്ശിക ബോർഡിന്റെ സാമ്പത്തിക കാര്യക്ഷമത വർദ്ധിപ്പിച്ച് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ ആശങ്കപ്പെടേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

കമ്മീഷൻെറ പ്രധാന പ്രവർത്തനങ്ങൾ

1. സംസ്ഥാനത്തെ ഉൽപാദന, പ്രസരണ, വിതരണ രംഗത്ത് താരിഫ് നിശ്ചയിക്കൽ;
2. വൈദ്യുതി വിതരണ ലൈസൻസികളുടെ വൈദ്യുതി വാങ്ങലും ആർജ്ജിക്കലും സംബന്ധിച്ച വില ഉൾപ്പെടെയുള്ള ഘടകങ്ങളിലെ നിയന്ത്രണം;
3. സംസ്ഥാനത്തിനകത്തെ വൈദ്യുതി പ്രസരണത്തിന് സൗകര്യം ഒരുക്കൽ;
4. സംസ്ഥാനത്തിനകത്ത് വൈദ്യുതി പ്രസരണം, വിതരണം തുടങ്ങിയവയ്ക്കും വൈദ്യുതി വിൽപ്പനയ്ക്കും ആവശ്യമായ ലൈസൻസ് നൽകൽ;
5. സൗരോർജ്ജം ഉൾപ്പെടെയുള്ള പുനരുപയുക്തമായ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതും പ്രസരണ-വിതരണ മേഖലയിലേക്ക് നൽകുന്നതും പ്രോൽസാഹിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കൽ;
6. ലൈസൻസികളും ഉൽപാദന കമ്പനികളും തമ്മിലോ ലൈസൻസികൾ തമ്മിലോ ഉള്ള തർക്കങ്ങൾക്ക് തീർപ്പ് കൽപ്പിക്കലും, ആർബിട്രേഷന് അയയ്ക്കലും;
7. 2003 ലെ വൈദ്യുതി നിയമത്തിൽ അനുശാസിക്കുന്ന കാര്യങ്ങൾക്ക് ഫീസ് ഈടാക്കൽ;
8. സംസ്ഥാന ഗ്രിഡ് കോഡ് നിശ്ചയിക്കൽ;
9. ലൈസൻസികളുടെ സേവന, ഗുണമേന്മ തുടങ്ങിയവയ്ക്കുള്ള മാനദണ്ഡം നിശ്ചയിക്കലും നടപ്പാക്കലും;
10. ആവശ്യമെന്ന് കണ്ടാൽ സംസ്ഥാനത്തിനകത്തെ വൈദ്യുതി വിൽപനയിലെ ലാഭം നിശ്ചയിക്കൽ;

11. താഴെ പറയുന്ന കാര്യങ്ങളിൽ സംസ്ഥാന സർക്കാരിന് ഉപദേശം നൽകാനും കമ്മിഷന് ചുമതലയുണ്ട്

1.വൈദ്യുതി വ്യവസായ രംഗത്ത് കാര്യക്ഷമത, ആരോഗ്യകരമായ മൽസരം തുടങ്ങിയവ പ്രോൽസാഹിപ്പിക്കുന്നത്;

2.വൈദ്യുതി വ്യവസായ രംഗത്തെ മൂലധന നിക്ഷേപം;

3.സംസ്ഥാനത്തെ വൈദ്യുതി വ്യവസായത്തിൻെറ പുനഃസംഘടനയും പുനഃക്രമീകരണവും;

4.വൈദ്യുതി ഉൽപാദന, പ്രസരണ, വിതരണ, വിൽപ്പന മേഖലയിലോ സംസ്ഥാന സർക്കാർ കമ്മിഷനെ ചുമതലപ്പെടുത്തുന്ന മറ്റ് ഏത് കാര്യത്തിലും;

12.വൈദ്യുതി മേഖലയിലെ വിവിധ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനു വേണ്ടി റെഗുലേഷൻ പുറപ്പെടുവിക്കാൻ കമ്മിഷന് അധികാരവും ചുമതലയും ഉണ്ട്.

സെക്ഷൻ ഓഫീസർ